**ധനകാര്യം**

മി. സ്പീക്കർ: അങ്ങേയ്ക്ക് 2012-13-ലെ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2012-13-ലെ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കു ള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഇന്നലെ ഇവിടെ നടത്തിയ ചർച്ചയിൽ രണ്ട് എം.എൽ.എ. മാരെ പോലീസ് ഭീകരമായി കൈകാര്യം ചെയ്തതിന്റെ അന്വേഷണ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തു വച്ചു. അതേസമയം ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് സ്പെസിഫിക്കായി എന്തെങ്കിലും കാര്യങ്ങളുണ്ടെ ങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്താമെന്നാണ്. വളരെ സ്പെസിഫി ക്കാണ്, സാരി വലിച്ചഴിക്കുന്ന ഈ ചിത്രം (കേരള കൗമുദി പത്രം ഉയർത്തി കാണിച്ചു) പോലീസുദ്യോഗസ്ഥന്മാരെ ഇതിൽ നേരിട്ട് കാണാം. അങ്ങേയ്ക്ക് അറിയുന്ന പോലീസുദ്യോഗസ്ഥരാണ്. കേരളകൗമുദിയിൽ വന്ന പത്ര വാർത്തയും ഫോട്ടോയും അതിൽ പറയുന്ന സംഭവങ്ങൾ ശ്രീമതി ഇ.എസ് ബിജിമോളെ ലാത്തികൊണ്ട് കുത്തിയെന്നാണ്. അവിടെയുണ്ടായിരുന്ന പോലീസുകാർ ശ്രീമതി ഇ.എസ്. ബിജിമോളെ തൂക്കിയെടുത്ത് തറയിലിട്ടെന്ന് എ.ഡി.ജി.പി. ശ്രീ. ഹേമചന്ദ്രന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്. ‘Then she was pulled on her right hand, which caused a lot of pain. Then she lied down

in front of the police vehicle in protest. Police personnel tried to lift her. However she slipped and fell down on her back. Later the Opposition Leader reached there.......' ഇത് പോലീസ് പിടിച്ച് തള്ളിയിട്ടുവെന്നുള്ളതിന് ഇതിൽ കൂടുതൽ തെളിവ് വേണോ? ശ്രീമതി ഗീതാ ഗോപി എവിടത്തെ എം.എൽ.എ. ആണെന്ന് ഞാൻ ഇവിടെ ചോദിച്ചതായി പറഞ്ഞു. അത് അംഗീകരിച്ചില്ല. എന്നാൽ എ.ഡി.ജി.പി.യുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. പോലീസ് അങ്ങനെ ചോദിച്ചു. അതിൽ എം.എൽ.എ.യ്ക്ക് ബുദ്ധിമുട്ടുണ്ടായി. എന്ത് തെളിവാണ് ഇതിൽ കൂടുതൽ വേണ്ടത് ? എന്ത് ജുഡീഷ്യൽ അന്വേഷണമാണ്? ഈ പത്രത്തിൽ കാണുന്ന പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ? സ്പീക്കർക്കും മുഖ്യമന്ത്രിക്കും ആഭ്യന്തരവകുപ്പുമന്ത്രിക്കും ഞാൻ കത്ത് നൽകി. ആ പോലീസുദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യണം. ഇതിൽ കൂടുതൽ തെളിവിന്റെ ആവശ്യമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. സി. ദിവാകരൻ നൽകിയ കേരള കൗമുദി പത്രത്തിനകത്ത് രണ്ട് ഫോട്ടോയുണ്ട്. അങ്ങ് തന്നെ തന്നതാണ്. അങ്ങ് അതിന്റെ രണ്ടുവശവും നോക്കണം. ഒന്നാം വശത്ത് ശ്രീമതി ഇ.എസ്. ബിജിമോൾ നിൽക്കുന്നു. രണ്ടാം വശത്ത് ശ്രീമതി ഗീതാ ഗോപിയും നിൽക്കുന്നു. അങ്ങ് തന്ന ഫോട്ടോയാണ്. (കേരള കൗമുദി പേപ്പർ കട്ടിംഗ് ഉയർത്തി കാണിച്ചു.) അതിന്റെ ഒന്നാം ഫോട്ടോ ശ്രീമതി ഇ.എസ്. ബിജിമോൾ, രണ്ടാം ഫോട്ടോ ശ്രീമതി ഗീതാ ഗോപി. ഞാൻ ആ വിശദീകരണത്തിന് പോകുന്നില്ല. കാരണം ജുഡീഷ്യൽ അന്വേഷണത്തിനുവേണ്ടി ഗവൺമെന്റ് സ്വീകരിക്കുകയും ചെയ്തിട്ടുള്ളൊരു കാര്യമാണ്. ആ കാര്യങ്ങൾ ജുഡീഷ്യൽ അന്വേഷണത്തിൽ പൊയ്ക്കോട്ടെ. ........... (ബഹളം)..........

എന്നെ പറയാൻ അനുവദിക്കൂ. ഞാൻ ഈ കാര്യത്തെക്കുറിച്ചൊന്നും പറയുന്നില്ല. പക്ഷേ അവിടെയൊരു സർചാർജ്ജ് സിറ്റ്വേഷൻ ഉണ്ടായിരുന്നുവെന്നുള്ളത് ആദ്യത്തെ ഫോട്ടോ കാണുന്ന ഏതൊരു ആളിനും പെട്ടെന്ന് മനസ്സിലാകും. ........... (ബഹളം).......... ദയവായി അങ്ങ് കേൾക്കൂ. ഞാൻ വളരെ ശാന്തമായിട്ടല്ലേ പറയുന്നത്. ശ്രീമതി ഇ.എസ്. ബിജിമോൾ, എം.എൽ.എ. യെ കൂടുതൽ നാളായി എനിക്കറിയാവുന്നതാണ്. ശ്രീമതി ഇ.എസ്. ബിജിമോൾ ബ്ലോക്ക് പഞ്ചായത്ത് അംഗമായിരിക്കുന്ന കാലംമുതൽ എനിക്ക് വളരെയടുത്ത് അറിയാവുന്ന ആളാണ്. ........... (ബഹളം).......... എ.ഡി.ജി.പി. യുടെ റിപ്പോർട്ട് അങ്ങിവിടെ വായിച്ചു. 'Though it was unusually difficult and challenging day for the Police Personnel, particularly Women Police personnel, the inappropriate and avoidable response towards the MLA cannot be brushed aside on this count.'എന്നാണ് ആ റിപ്പോർട്ടിൽ പറയുന്നത്. 'I direct the District Police Chief, Trivandrum City to go into this matter in greater detail and initiate appropriate Corrective steps.' Corrective steps-നെക്കുറിച്ച് ഈ റിപ്പോർട്ടിൽ പറയുന്നുണ്ട്. അങ്ങ് റിപ്പോർട്ടിന്റെ ഒരു ഭാഗം വായിച്ചു. ഞാൻ റിപ്പോർട്ടിനകത്തുള്ള കൺക്ലൂഷൻ വായിച്ചു. അതുകൊണ്ട് Corrective steps എന്താണെന്ന് നോക്കാം. അങ്ങ് ഇവിടെ ഉന്നയിച്ചത് അങ്ങയോടുള്ള പൂർണ്ണമായ ബഹുമാനം കൊണ്ടാണ്. കാരണം പ്രതിപക്ഷത്തുള്ള ഒരു സീനിയറായ നേതാവായതുകൊണ്ടാണ്.

ശ്രീ. സി. ദിവാകരൻ: സർ, എനിക്ക് അങ്ങനെ ആദരവൊന്നും വേണ്ട. പറയാനുള്ളത് പറഞ്ഞാൽ മതി.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ അങ്ങനെ വേണ്ടായെന്ന് അങ്ങ് പറയേണ്ട. അതിൽ എന്താണ് തെറ്റ്? ...........പ്ലീസ്........ പ്ലീസ്.............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങേയ്ക്ക് സ്വായത്തമായി കിട്ടിയിട്ടുള്ളൊരു സ്ഥാനം ഞാൻ മാനത്തോടുകൂടി പറയുന്നതിൽ അങ്ങ് എന്തിനാണ് അസഹിഷ്ണുത കാണിക്കുന്നത്? അങ്ങേയ്ക്ക് അർഹിക്കുന്നൊരു സ്ഥാനം നമ്മൾ വകവച്ച് തരികയാണ്. ഒന്ന് ചിരിച്ച് സംസാരിക്കൂ. അതുകൊണ്ട് ഇത് വ്യക്തിപരമായി പരിശോധിക്കണമെങ്കിൽ ഞാൻ അതും പരിശോധിക്കാം. പരിശോധിച്ചത് എന്താണെന്നുള്ളത് നോക്കാം. നമുക്ക് ഇതിനകത്ത് ഒന്നും വാശിയില്ല.

മി. സ്പീക്കർ: ആഭ്യന്തര വകുപ്പുമന്ത്രി മറുപടി പറഞ്ഞല്ലോ? യേസ്........ യേസ്.......... പ്ലീസ്........ പ്ലീസ്............ ഏതായാലും പരിശോധിക്കാമെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞല്ലോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അന്വേഷണ റിപ്പോർട്ട് ഇവിടെ ക്വാട്ട് ചെയ്തു. അതുവച്ചുകൊണ്ട് തന്നെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് നടപടിയെടുക്കാം. കാരണം ഈ പത്രത്തിലെ ഫോട്ടോഗ്രാഫ് തന്നെ വളരെ വ്യക്തമായ സൂചന നൽകുന്നു. എ.ഡി.ജി.പി. പറയുന്നത് ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.യെ തൂക്കി താഴേക്കിട്ടുവെന്നാണ്.

മി. സ്പീക്കർ: ആഭ്യന്തര വകുപ്പുമന്ത്രി പരിശോധിക്കാമെന്ന് പറഞ്ഞല്ലോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീമതി ഇ.എസ്. ബിജിമോൾ എം. എൽ.എ. തന്നെ പോലീസുദ്യോഗസ്ഥരോട് എന്നെ പൊക്കിയെടുക്കാൻ പറ്റില്ലായെന്ന് പറഞ്ഞിട്ടുണ്ട്. എന്നിട്ട് പോലീസുദ്യോഗസ്ഥർ എം.എൽ.എ. യെ തൂക്കിയെടുത്ത് താഴേക്കിട്ടു. അവരുടെ നട്ടെല്ലിനാണ് തകരാറ് പറ്റിയിരിക്കു

ന്നത്. ഇതിന്റെ പേരിൽ ജുഡീഷ്യൽ അന്വേഷണത്തിന് കാത്തിരിക്കേണ്ട കാര്യമില്ല. ജുഡീഷ്യൽ അന്വേഷണവുമായി ഞങ്ങൾ സഹകരിക്കില്ല. ഞങ്ങൾ സഹകരിക്കാതെ ജുഡീഷ്യൽ അന്വേഷണം നടത്തിയാൽ എന്ത് ജുഡീഷ്യൽ അന്വേഷണമാണ്? അങ്ങനെ വരുമ്പോൾ നിങ്ങൾ ഇപ്പോൾ ത്തന്നെ ഇതിന്റെ പേരിൽ നടപടിയെടുക്കണം. അത് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് ചെയ്യാം. രണ്ട് പോലീസുദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തതുകൊണ്ട് പോലീസ് സേനയ്ക്ക് ഒന്നും സംഭവിക്കാൻ പോകുന്നില്ല. ഐ.പി.എസ്. കാരെ സസ്പെന്റ് ചെയ്തില്ലേ? ആഭ്യന്തര വകുപ്പുമന്ത്രി ധൈര്യം കാണിക്കണം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു പണ്ട് അദ്ദേഹത്തിനും ഈ അനുഭവം ഉണ്ടായിട്ടുണ്ടെന്ന്. അത് വേറൊരു ആൾക്ക് ഉണ്ടാകാതിരിക്കാൻ അങ്ങ് മാതൃക കാണിക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ധീരമായൊരു തീരുമാനമെടുക്കണം. അത് ചെയ്തില്ലെങ്കിൽ ഭാവിയിൽ നിങ്ങളെ ജനങ്ങൾ കുറ്റപ്പെടുത്തുന്ന സ്ഥിതിയുണ്ടാകും.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ............ ഗൗരവമായി എടുത്തതുകൊണ്ടാണ് അങ്ങ് നൽകിയ കത്ത് മുഖ്യമന്ത്രിക്കും ആഭ്യന്തരവകുപ്പു മന്ത്രിക്കും നൽകിയത്. ആഭ്യന്തരവകുപ്പുമന്ത്രി പരിശോധിക്കാമെന്ന് പറഞ്ഞല്ലോ? അദ്ദേഹം പരിശോധിക്കാമെന്ന് പറഞ്ഞു................(ബഹളം)..........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഗവൺമെന്റിന്റെ കാലാവധി കഴിയുന്നതുവരെ ഈ അന്വേഷണം നീട്ടിക്കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. അങ്ങനെയൊരു ജുഡീഷ്യൽ അന്വേഷണത്തോട് ഞങ്ങൾക്ക് യോജിപ്പില്ല, ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ജുഡീഷ്യൽ അന്വേഷണത്തെ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോകുന്നതിനോട് യോജിപ്പില്ലെന്നാണ് അങ്ങ് ഇവിടെ സംസാരിച്ചതിന്റെ അർത്ഥം. അപ്പോൾ അങ്ങനെയുണ്ടെങ്കിൽ അതിന്റെ കാലാവധിയെക്കുറിച്ചല്ലേ അങ്ങ് സംസാരിക്കേണ്ടത്? ......... (ബഹളം)............. ഞാൻ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിന് മറുപടി പറയാം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ സംസാരിച്ചതിന് വളരെ ബഹുമാനത്തോടുകൂടി മറുപടി പറയുകയാണ്. ...........(ബഹളം)........ അങ്ങയുടെ കൂടെനിൽക്കുന്ന ആളുകളാണ് ബഹളമുണ്ടാക്കുന്നത്. എനിക്ക് എന്തു ചെയ്യാൻ സാധിക്കും? ജുഡീഷ്യൽ അന്വേഷണം ഒരു ഗവൺമെന്റ് പറയുകയാണ്. നിഷ്പക്ഷമായി ജുഡീഷ്യൽ അന്വേഷണം നടക്കട്ടെ. എന്തിനാണ് അതിനെ എതിർക്കുന്നത്? എന്തിനാണ് അത് വേണ്ടായെന്ന് പറയുന്നത്? എല്ലാകാര്യങ്ങളും പുറത്തു വന്നോട്ടെ. ......... (ബഹളം)......... അതൊരു നീതിബോധമുള്ള നിഷ്പക്ഷമായ ഒരു ജുഡീഷ്യൽ അന്വേഷണം നടക്കട്ടെ. കാലാവധിയെക്കുറിച്ച് നിങ്ങൾ ആലോചിക്കൂ............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സസ്പെന്റ് ചെയ്യാതെ ജുഡീഷ്യൽ അന്വേഷണവുമായി സഹകരിക്കാൻ ഞങ്ങൾക്ക് സാധിക്കില്ല. മാത്രമല്ല ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് ഒരു കാലാവധി നിശ്ചയിക്കാമെന്നാണ്. കാലാവധി കൊടുത്താൽ ജുഡീഷ്യൽ കമ്മീഷൻ പറയും വീണ്ടും വീണ്ടും നീട്ടിത്തരണമെന്ന്. അതാണ് ഇവിടത്തെ പ്രാക്ടീസ്. അങ്ങനെ നാലഞ്ച് കൊല്ലം നീണ്ടുപോകുന്ന അന്വേഷണത്തോട് ഞങ്ങൾക്ക് യോജിപ്പില്ല. അതുകൊണ്ട് പോലീസുദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തുകൊണ്ട് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് തയ്യാറാണെങ്കിൽ ഞങ്ങൾ

പൂർണ്ണമായും സഹകരിക്കും. അതിന് ആഭ്യന്തര വകുപ്പുമന്ത്രി തയ്യാറുണ്ടോ എന്നാണ് ഞങ്ങൾക്ക് അറിയേണ്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു ജുഡീഷ്യൽ അന്വേഷണം വന്നുകഴിഞ്ഞാൽ ജുഡീഷ്യൽ അന്വേഷണത്തിനുവേണ്ടി റെക്കോർഡുകളെല്ലാം കൊടുക്കുകയാണ് പതിവ്. ശ്രീ. സി. ദിവാകരൻ, അങ്ങ് നേരത്തെ ഇവിടെ ടേബിൾ ചെയ്തതിനെക്കുറിച്ച് പറഞ്ഞതെല്ലാം തെറ്റിദ്ധാരണയുടെ പുറത്താണ്. അപ്പോൾത്തന്നെ നമ്മൾ ടേബിൾ ചെയ്തു. റെക്കോർഡ്സ് എല്ലാം മേശപ്പുറത്ത് വച്ചു. സി.ഡി യും മറ്റുള്ള റെക്കോർഡ്സും ഓഫീസിലുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ നടത്തുന്ന നിഷ്പക്ഷമായ ജുഡീഷ്യൽ അന്വേഷണത്തെ എന്തിനാണ് എതിർക്കുന്നത്? എല്ലാ കാര്യങ്ങളും പുറത്തുവരട്ടെ. എന്തെങ്കിലും മറച്ചുവയ്ക്കാനുള്ളതുകൊണ്ടാണോ ജുഡീഷ്യൽ അന്വേഷണത്തെ ഭയപ്പെടുന്നത്? ജുഡീഷ്യൽ അന്വേഷണത്തെ എന്തിനാണ് ഭയപ്പെടുന്നത്? ജനങ്ങളെ ബോധ്യപ്പെടുത്തുന്ന വിധത്തിൽ അതിന്റെ ന്യായം പറയൂ ......

ശ്രീ. സി. ദിവാകരൻ: സർ, എ.ഡി.ജി.പി-യുടെ റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിക്കുന്നുണ്ടോ? അംഗീകരിക്കുന്നുണ്ടെങ്കിൽ, 'The police personnel were questioning which M.L.A, where from etc. It is clear that the M.L.A genuinely felt hurt about this.' ഇതിന്റെ പേരിൽ നടപടിയെടുക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എ.ഡി.ജി.പി-യുടെ റിപ്പോർട്ട് ഒരു വാചകമല്ല. അതിൽ ആദ്യം മുതൽ അവസാനം വരെ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പ്രതിപക്ഷം അംഗീകരിക്കുമെങ്കിൽ ഞങ്ങളും അംഗീകരിക്കാം.

എ.ഡി.ജി.പി റിപ്പോർട്ട് അംഗീകരിക്കുന്നു എന്നാണ് പ്രതിപക്ഷത്തുനിന്ന് സി.പി.ഐ നേതാവ് ശ്രീ. സി. ദിവാകരൻ പറഞ്ഞത്. അങ്ങനെയാണെങ്കിൽ എ.ഡി.ജി.പി-യുടെ റിപ്പോർട്ട് പൂർണ്ണമായി ഞങ്ങൾ അംഗീകരിക്കുകയാണ്. .......(ബഹളം)...........

മി. സ്പീക്കർ: ഗവൺമെന്റിന് പറയാനുള്ളത് ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞുകഴിഞ്ഞു. ........(ബഹളം).........